13. ശ്രീ. ആർ. കൃഷ്ണയ്യർ, ചാർട്ടേർഡ് അക്കൗണ്ടന്റ്
14. ശ്രീ. ഇ. എം. നജീബ്, എയർ ട്രാവൽസ് & എന്റർപ്രൈസസ്, തിരുവനന്തപുരം
15. ശ്രീ. എ. ബാബു, ചാർട്ടേർഡ് അക്കൗണ്ടന്റ്
16. ശ്രീ. വക്കച്ചൻ മറ്റത്തിൽ, എക്സ് എം.പി.
17. ശ്രീ. ആനന്ദ കുമാർ, തിരുവനന്തപുരം

(സി) 8 തവണ.

(ഡി&ഇ) ഓരോ യോഗത്തിലും വിശകലനം ചെയ്ത വിഷയങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും (നടപ്പിലാക്കിയതും അല്ലാത്തതുമായവ) അനുബന്ധമായി* ചേർക്കുന്നു.

സർക്കാരിലേയ്ക്ക് പണയപ്പെടുത്തിയ വസ്തുവിന്റെ രണ്ടാം മോർട്ട്ഗേജ്

98 (1924) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിനുമായി നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നൽകുന്നതിന് എസ്.ബി.ഐ. ഉൾപ്പെടെയുള്ള പ്രധാന ബാങ്കുകൾ വിമുഖത കാണിക്കുന്നതും പ്രസ്തുത ഉത്തരവ് പ്രകാരം ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ നൽകിയ 31-5-2014-ലെ നമ്പർ 52-2014-ധന. നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിയ്ക്കാൻ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർക്കുലർ നിർദ്ദേശം പാലിച്ച് ജീവനക്കാർക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിന് താഴെ പറയുന്ന ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1. 31-7-1991-ലെ സ.ഉ.(പി) നമ്പർ 436/91/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അടിസ്ഥാന ശമ്പളത്തിന്റെ 70 ഇരട്ടി (പരമാവധി 3 ലക്ഷം രൂപ വരെ) വായ്പാ ലഭിക്കും എന്ന് ഉത്തരവായിട്ടുണ്ട്.

2. 7-5-1997-ലെ സ.ഉ.(പി) നമ്പർ 528/97/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 90 ഇരട്ടി (പരമാവധി 4 ലക്ഷം രൂപ വരെ) ഉയർത്തി.

3. 22-7-1999-ലെ സ.ഉ.(പി) നമ്പർ 1610/99/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 10 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി.

4. 11-2-2008-ലെ സ.ഉ.(പി) നമ്പർ 76/08/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ വായ്പകൂടി എടുക്കാമെന്ന് ഉത്തരവായിട്ടുണ്ട്.

5. 18-2-2013-ലെ സ.ഉ.(പി) നമ്പർ 87/13/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ

99 (1925) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന 10-ാം ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയമിച്ചതുമുതൽ നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റ് പ്രവൃത്തികൾക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 10-ാം ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ സർക്കാരിൽ നിന്നും സ്വീകരിച്ച (ശമ്പളം ഉൾപ്പെടെയുള്ള) സാമ്പത്തിക ആനുകൂല്യങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly